**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1686** **08-10-2021 - ൽ മറുപടിയ്ക്ക്**

**വിളപ്പിൽശാലയിൽ സാങ്കേതിക സർവകലാശാലക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് വേഗത്തിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീമതി കെ.കെ.രമ | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സാങ്കേതിക സർവകലാശാല ആസ്ഥാനവും ക്യാംപസും സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വിളപ്പിൽശാല വില്ലേജിൽ 42.1366 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് സ.ഉ(സാധാ) നം. 2297/2018/ഉ.വി.വ. തീയതി 24.12.2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സ.ഉ (സാധാ) നം.1757/2019/റവ, തീയതി 03.07.2019 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് 19(1) ഡിക്ളറേഷൻ പ്രസിദ്ധികരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല/ഉന്നത വിദ്യാഭ്യാസ/റവന്യൂ അധികൃതർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഭൂമിയുടെ സൗകര്യം കണക്കാക്കി ആദ്യ ഘട്ടമായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇതിനായി സർവകലാശാല തിരുവനന്തപുരം വിളപ്പിൽശാലയിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയ്ക്ക് ആസ്ഥാനം സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട താലൂക്കിലെ വിളപ്പിൽശാല വില്ലേജിൽ 42.1366 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് സ.ഉ(സാധാ) നം. 2297/2018/ഉ.വി.വ. തീയതി 24.12.2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. സ.ഉ (സാധാ) നം.1757/2019/റവ, തീയതി 03.07.2019 പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. തുടർന്ന് സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് 19(1) ഡിക്ളറേഷൻ പ്രസിദ്ധികരിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല/ഉന്നത വിദ്യാഭ്യാസ/റവന്യൂ അധികൃതർ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഭൂമിയുടെ സൗകര്യം കണക്കാക്കി ആദ്യ ഘട്ടമായി 50 |

| | | | |
|---|---|---|---|
| | | | ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വിളപ്പിൽശാലയിൽ കണ്ടെത്തിയ നൂറേക്കർ ഭൂമി വാങ്ങാൻ അനുവദിച്ച തുക പര്യാപ്തമാണോ; വ്യക്തമാക്കാമോ; | (സി) | ഭൂമി ഏറ്റെടുക്കുവാനായി സർവകലാശാല സ്വന്തം ഫണ്ടിൽ നിന്ന് 106,91,07,777/- രൂപ ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. 100 ഏക്കർ ഭൂമിയും ഏറ്റെടുക്കുവാനായി 352 കോടി രൂപയോളം വേണ്ടിവരുമെന്നാണ് റവന്യൂ വകുപ്പ് കണക്കാക്കിയിരിക്കുന്നത്. |
| (ഡി) | സാങ്കേതിക സർവകലാശാലയ്ക്കായി സ്ഥലത്തിന്റെ പ്രമാണങ്ങൾ ഏറ്റെടുത്തിട്ടും പണം ലഭിക്കാത്ത നൂറോളം ഭൂവുടമകൾ വകുപ്പിന്റെ ഇടപെടൽ ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | സാങ്കേതിക സർവകലാശാലയ്ക്കായി സ്ഥലത്തിന്റെ പ്രമാണങ്ങൾ ഏറ്റെടുത്തിട്ടും പണം ലഭിക്കാത്തതുമായ 176 ഭൂഉടമകൾ ചേർന്ന് അപേക്ഷ നൽകിയിട്ടുണ്ട്. അവരുടെ പരാതികൾ പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഇ) | പ്രസ്തുത ആസ്ഥാനവും ക്യാംപസും സ്ഥാപിക്കാൻ വിളപ്പിൽ ശാലയിൽ കണ്ടെത്തിയ മുഴുവൻ ഭൂമിയും വിലയ്ക്ക് ഏറ്റെടുത്ത് സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | 11.08.2021 - ൽ ബഹു: മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആദ്യ ഘട്ടമായി 50 ഏക്കർ സ്ഥലം ഏറ്റെടുക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ